# മലബാറിലെ
# പൂൎവ്വ ക്രിസ്ത്യാനികൾ.

സന്തോമാസ്സ അപ്പസ്തോലൻ ബ്രാഹ്മണര മുതലാ
യവരെ ക്രിസ്ത്യാനികളാക്കിയതിന്നും പാ
ലയൂരമുതലായ പള്ളികൾ സ്ഥാപി
ച്ചതിന്നും പാരമ്പൎയ്യങ്ങൾ മുത
ലായ പൂൎണ്ണതെളിവുകൾ.

തലക്കോട്ടുര കുറിയാക്കോസ്സ കത്തനാര
ഉണ്ടാക്കിയതു.

(പകൎപ്പവകാശം പിടിച്ചിരിക്കുന്നു).

PRINTED AT THE G. N. D. PRESS
KUNNANKULAM.

1910

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

# മുഖവുര

മലബാറിലുള്ള പൂൎവ്വ ക്രിസ്ത്യാനികളെ സുറിയാനിക്കാരെന്നു പറയുകയും; വിദേശ ക്രിസ്ത്യാനികൾ മലബാറിലേക്കുവരുംമുമ്പുണ്ടായിരുന്ന ക്രിസ്ത്യാനികളെ സംബന്ധിച്ച പ്രത്യേക ചരിത്രങ്ങളില്ലാതിരിക്കയും, സന്തോമാസ്സ അപ്പോസ്തോലൻ ഇന്ത്യയിലേക്കുവന്നിട്ടില്ലെന്നു കഴിഞ്ഞ നൂററാണ്ടിന്റെ മദ്ധ്യകാലം മുതല്ക്കു ചിലര എഴുതിത്തുടങ്ങുകയും പലര അതിനെ സംശയിക്കുകയും ചെയ്യുന്ന ഈ കാലത്തു 1908-ൽ ബ്രിട്ടീഷഗവൎമ്മേണ്ടു ചിലവിന്മേൽ അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്ത ഗസററിയർ പുസ്തകത്തിൽ മലബാറിൽ പൂൎവ്വ ക്രിസ്ത്യാനികളെ അറിയാത്തപോലെ ചിലതു പറകയാൽ ഈ പ്രബന്ധം എഴുതുവാൻ നിൎബ്ബന്ധപ്പെട്ടു.

ബ്രിട്ടീഷമലബാറിൽ സുറിയാനിക്കാർ പൊന്നാനിതാലൂക്കിന്റെ തെക്കേ ഖണ്ഡത്തിലാണെന്നു ഗസററിയറിൽ പറഞ്ഞതുകൊണ്ടു അവരെ സംബന്ധിച്ച മുഖ്യമായി അവിടെ അന്വേഷിച്ചു എഴുതിയതാണെന്നും, അവിടത്തെ തലസ്ഥാനത്തു പ്രധാനമായ പാലയൂർ പള്ളിയിൽ 1904—09 ഞാൻ വികാരിയായിരുന്നതുകൊണ്ടു എന്റെ അറിവുണ്ടാകുമെന്നും, തക്ക സമയത്തു ഈ പ്രബന്ധവിവരങ്ങൾ അറിയിച്ചെങ്കിൽ അവ പരിശോധിച്ചു സ്വീകരിക്കയൊ നിഷേധിക്കയൊ ചെയ്യുവിധം ഗസററിയറിൽ പറയുമായിരുന്നു എന്നും എന്നെ പരിചയമുള്ളവർ സംശയിപ്പാൻ എടയുള്ളതുകൊണ്ടു അതിന്നു എടയാകാതെ വന്ന വിവരം പറയാം. ഗസററിയർപുസ്തകം പുറത്തായതുവരെ അതിനെ സംബന്ധിച്ചുണ്ടായ അന്വേഷണങ്ങൾ ഞാൻ അറിഞ്ഞിട്ടില്ല.

ഞാൻ പാലയൂർ പള്ളിയുടെ സ്ഥാപനം മുതലായി ആ

www.TheCMSIndia.org

ദ്യന്തൂററാണ്ടിലെ പൂൎവ്വ വൃത്താന്തങ്ങൾ ഒരു ചരിത്രമായി എഴുതി നി. വ. ദി. ശ്രീ. മേനാച്ചേരി മാർ യോഹന്നാൻമെത്രാനച്ചൻ അവർകളെ ത്രിച്ചൂര വികാരിയാത്തിന്നു പ്രധാന പുരോഹിതനായി ഉയൎത്തിയ വാഴ്ചയുടെ 12-ാം സംവത്സര സ്മാരകമായി സമൎപ്പിപ്പാൻ, പൂൎവ്വ ക്രിസ്ത്യാനികളുടെ പാരമ്പൎയ്യങ്ങളേയും അതിന്നാസ്പദമായ തെളിവുകളേയും മുമ്പിനാൽ ശേഖരിച്ചുവരുമ്പോൾ വേലൂര പള്ളിവികാരിയായിരുന്ന എന്നെ പാലയൂർ പള്ളിവികാരിയായി നിയമിച്ചു. മലബാറിൽ ആദ്യപള്ളികളിലൊന്നായ പാലയൂർ പള്ളിസ്ഥാപനം മുതലായ സ്ഥലതെളിവുകൾ പരിശോധിച്ചു തിട്ടപ്പെടുത്തുവാൻ കിട്ടിയ അവസരം നഷ്ടമാക്കാതെ ഓരോന്നു പരിശോധിച്ചുതുടങ്ങി.

സന്തോമാസ്സഅപ്പസ്തോലൻ അവിടെ പ്രവൃത്തിച്ചതിനാൽ അവശേഷമായരാണെന്നു ക്രിസ്ത്യാനികളിലുള്ള പാരമ്പൎയ്യങ്ങളെക്കായിലും അവരുടെ പുരാതന പദ്യങ്ങളിൽ പറയുന്ന വിവരങ്ങളെക്കായിലും, ഹിന്തുക്കളുടെ പാരമ്പൎയ്യങ്ങളും ബ്രാഹ്മണരുടെ ദേശാചാരങ്ങളും സ്ഥലത്തെ പൂൎവ്വശിഷ്ടങ്ങളും പ്രധാനതെളിവുകളായി കണ്ടു. പാലയൂരഗ്രാമത്തിലെ ബ്രാഹ്മണര ക്രിസ്ത്യാനികളായതും ക്ഷേത്രം പള്ളിയാക്കിയതും ബ്രാഹ്മണരിൽ ചിലര ഗ്രാമം വിട്ടു പോയതും ഗ്രാമത്തെ ബ്രാഹ്മണർ ശപിച്ചതും അതിനാൽ ഗ്രാമപ്രദേശത്തിന്നു ന്യൂതന നാമമുണ്ടായതും പ്രധാന ബ്രാഹ്മണർ അവിതൎക്കിതമായി സമ്മതിക്കയും അതിന്നു പൂൎണ്ണ തെളിവുകൾ അവരുടെ പാരമ്പൎയ്യങ്ങൾ ദേശാചാരങ്ങൾ മുതലായി പലതിനാൽ അറികയും ആദ്യന്തൂററാണ്ടിലെ പൂൎവ്വ വൃത്താന്തങ്ങൾ അത്ര സ്പഷ്ടമായി അറിഞ്ഞതുകൊണ്ടു ഹിന്തുക്കളുമായുണ്ടായ ആഹ്ലാദസംവാദം അവരിൽ ചിലൎക്കു രസിക്കാതാകയുംചെയ്തു.

ക്ഷേത്രപ്രസിദ്ധിയുള്ള ഗുരുവായൂരും പാലയൂരും തമ്മിലുള്ള ദൂരം ഒരു മയിത്സ മാത്രവും ഹിന്തുക്കളായ ഉദ്യോഗസ്ഥന്മാരുടെ വാസം അവിടെയും, ഗുരുവായൂരദേവസ്വത്തിൽ ഇപ്പോഴത്തെ കാൎയ്യസ്ഥൻ റിട്ടയർമജിസ്ത്രേട്ടു മാന്യനായ ഒരു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

# മലബാറിലെ പൂൎവ്വ ക്രിസ്ത്യാനികൾ.

## അദ്ധ്യായം 1.

### മലബാറിലെ ക്രിസ്തുമതസ്ഥാപനം അറിയണ്ടും വിധവും ഗസററിയർപുസ്തകത്തിലെ ചില തെററുകളും.

മലബാറിലെ പൂൎവ്വക്രിസ്ത്യാനികൾ എന്നു പറഞ്ഞതു: സുറിയാനിക്കാരായ നസ്രാണികളും, അവര സന്തോമാസ്സ അപ്പസ്തോലൻ മലബാറിൽ വച്ചു ക്രിസ്ത്യാനികളാക്കിയവരുടെ സന്തതികളും, അവരോടു ചേൎന്നവരുമാകുന്നു.

ഗസററിയർ പുസ്തകമെന്നു പറഞ്ഞതു: മലബാറിലെ പൂൎവ്വശിഷ്ടങ്ങൾ പലതും പരിശോധിച്ചു ജില്ലാപാലകന്മാർ ചിലരും ഗവൎമ്മെണ്ടിൽനിന്നു അതിന്നായി നിയമിച്ചവരും എഴുതിയ പ്രബന്ധം "മലബാർ ആൻറ അഞ്ചെങ്കൊ ഡിസ്ത്രിക്ട ഗസാററിയർ" എന്നു നാമമായി ബ്രിട്ടീഷഗവൎമ്മെണ്ടു പ്രസ്സിൽ മദ്രാസിൽ 1908-ൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തതാകുന്നു. ഈ പുസ്തകം മലബാറിലെ പ്രാചീനവൃത്താന്തങ്ങൾക്കു മററു പല ഗ്രന്ഥങ്ങളിൽവച്ചു വളരെ പ്രബലതയുള്ളതാണന്നു അതിൻെറ ഗ്രന്ഥകൎത്താക്കന്മാരുടെ നാമത്താൽതന്നെ ആൎക്കും അറിയാം.

മലബാറിലെ പല ജാതികളെയും അവരുടെ നടവടികളെയും, മതങ്ങളെയും, മത ഉൽഭവങ്ങളെയും, പൂൎവ്വവൃത്താന്തങ്ങൾ പലതിനേയും വിവരമായി പറയുന്ന ഗസററിയറിൽ മലബാറിലെ ക്രിസ്തുമതസ്ഥാപനത്തെയും, സ്ഥാപകനെയും, സ്ഥാപകവിധത്തെയും വിവരമായി പറഞ്ഞിട്ടില്ല. സ്ഥാപ

www.TheCMSIndia.org

കൎമ്മംകഴിക്കുന്നതന്ത്രിനമ്പൂരിതൻ
കരകമലമതിലിയലുമൊരുചെറിയവാളുള്ള
കൈവെട്ടയിൽജലംവാങ്ങിച്ചതൽക്ഷണം
കരളിലഹമിശിഹായുടെകഴലിണനിനച്ചൊരു
കൈനീർതളിച്ചപ്പോളാറായുംവിപ്രരും
മരണവിധിലിഖിതമതുവിരവൊടുകടന്നുടൻ
മരത്തൊട്ടയിൽത്തുപിടച്ചുണീറ്റീടിനാൻ
ഉദിതതരമുദിതമൊടുവിരവിനൊടുരണ്ടാമ
തൊന്നുകൂടിജലംകോരിമേല്പോട്ടേറി
ഞ്ഞതുസമയമഴകൊടതുപലകുസുമസാദൃശ്യ
മായിചമഞ്ഞതപോലാശ്ചൎയ്യമെത്രയും
ഉടനെമുനിതിലകനതിദ്ധൃതിയൊരുകൈജലം
ഊഴിയിൽവീഴ്ത്തിനാൻമൂന്നാമതായതും
ഉടയജഗദധിപവരതനയനുടെവൈഭവാൽ
ഉണ്ണിനമ്പൂരിമാൎക്കൊക്കെഗ്ഗ്വക്കറവവാൻ
അവനിയതിലഴകൊടതുരുധിരതരമായൊലി
ച്ചഗ്നിപോലെപരന്നാശ്ചൎയ്യമങ്ങിനെ
കരളിലതിഭയമിയലുമിതത്രിവിധമായുള്ള
കാണാത്തകാഴ്ചകൾകാണ്കയാലേവരും.

*     *     *     *

അതുപൊഴുതുവിവിധതരമവിടെനിവസിച്ചിരു
ന്നാളുകളാകവെരക്ഷകൻതന്മതം
അതിവിനയഭയസഹിതമകതിനൊടുവിശ്വസി
ച്ചന്നുതൊട്ടെമ്മാനുവൽവരംതേടിനാർ
അവരുടയനാമനമതിലുടനെമുനിതൽക്കാല
മമ്പലത്തിൽതന്നെസ്ലീവനാട്ടീടിനാൻ.

മേൽപ്പറഞ്ഞപ്രകാരം പറവൂരും മലയാററൂരും പാലയൂരും ആദ്യം ക്രിസ്ത്യാനികളേയും പാലയൂരും പറവൂരും ആദ്യപള്ളികളെയുമുണ്ടാക്കി. മലബാറിൽ സന്തോമാസ്സ്അപ്പസ്തോലൻ 7 പള്ളികൾ സ്ഥാപിച്ചതായി ആദ്യം പറഞ്ഞിട്ടുള്ള മററ സ്ഥലങ്ങളിലും അനേകം ബ്രാഹ്മണർ ക്രി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS